# രക്ഷയുടെ പാതയിൽ



# സഭ ആരാധനാസമൂഹം

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

൯


# ഉള്ളടക്കം

1. ദൈവാരാധന
2. അടയാളങ്ങളും പ്രതീകങ്ങളും
3. അടയാളങ്ങളും പ്രതീകങ്ങളും വിശുദ്ധകുർബാനയിൽ
4. വിശുദ്ധകുർബാന പരമോന്നത ആരാധന
5. വിശുദ്ധകുർബാന ആമുഖശുശ്രൂഷയും വചനശുശ്രൂഷയും
6. വിശുദ്ധകുർബാന ഒരുക്കശുശ്രൂഷയും അനാഫൊറയും
7. വിശുദ്ധകുർബാന ദൈവൈക്യശുശ്രൂഷയും സമാപനവും
8. ദൈവവചനവും ക്രൈസ്തവജീവിതവും
9. കൂദാശകളും ക്രൈസ്തവജീവിതവും
10. പ്രവേശക കൂദാശകൾ
11. സൗഖ്യദായക കൂദാശകൾ
12. തിരുപ്പട്ടം
13. വിവാഹം
14. ആരാധനാവൽസരവും ക്രൈസ്തവജീവിതവും
15. സമർപ്പിതജീവിതം

# പാഠം- 5



# വിശുദ്ധകുർബാന ആമുഖശുശ്രൂഷയും വചനശുശ്രൂഷയും



1. ആമുഖശുശ്രൂഷ
2. വചനശുശ്രൂഷ

# ആമുഖശുശ്രൂഷ

- വരാനിരിക്കുന്ന രക്ഷകനുവേണ്ടിയുള്ള കാത്തിരിപ്പിനെയും അവിടുത്തെ തിരുപ്പിറവിയെയും, അവിടുത്തെ രഹസ്യ ജീവിതത്തെയും വിശുദ്ധ കുർബാനയിൽ അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന ഭാഗമാണ് ആമുഖശുശ്രൂഷ. അന്നാപ്പെസഹാത്തിരുന്നാളിൽ.... എന്ന ഗീതം മുതൽ സർവ്വാധിപനാം കർത്താവേ... എന്നു തുടങ്ങുന്ന ഉത്ഥാനഗീതത്തിനുശേഷം വരുന്ന പ്രാർത്ഥനവരെയുള്ള ഭാഗമാണ് ആമുഖശുശ്രൂഷ.

1. **അന്നാപ്പെസഹാതിരുന്നാളിൽ**

❖ അന്നാപ്പെസഹാതിരുന്നാളിൽ… എന്ന ഗീതം പെസഹാത്തിരുന്നാളിൽ ഈശോ നൽകിയ കല്പനയനുസരിച്ചാണ് നമ്മൾ ബലിയർപ്പിക്കുന്നത് എന്ന യാഥാർത്ഥ്യം അനുസ്മരിപ്പിക്കുന്നു. സ്നേഹത്തിന്റെ പുതിയ കൽപ്പനയും ഈശോ അന്നു നൽകി.

2. **അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി**

❖ ഈശോയുടെ ജനനവേളയിൽ മാലാഖമാർ പാടിയ ഈ ഗീതം അവിടുത്തെ ജനനത്തെ അനുസ്മരിപ്പിക്കുന്നു. പാപികളായ നമ്മെ രക്ഷിക്കാൻ വേണ്ടി സ്വർഗത്തിന്റെ മഹിമ വെടിഞ്ഞ് മനുഷ്യനായി പിറന്ന് കാലിത്തൊഴുത്തിലെ പരിമിതികൾ സഹിച്ച് നമ്മെ സ്നേഹിച്ച ഈശോയുടെ സ്നേഹമോർത്ത് ഈ സമയം നമ്മൾ ദൈവത്തെ സ്തുതിക്കണം.

### 3. സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ...."

- ഈശോയുടെ ജനനം അനുസ്മരിച്ചശേഷം നമ്മൾ ദൈവത്തെ പിതാവേ എന്നു വിളിച്ചു പ്രാർത്ഥിക്കുന്നു. 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന പ്രാർത്ഥന യോടുകൂടി 'പരിശുദ്ധൻ, പരിശുദ്ധൻ...' എന്നുള്ള സ്തുതിപ്പ് (കാനോന) കൂട്ടി ച്ചേർത്തിരിക്കുന്നു. ദിവ്യബലിയർപ്പിക്കുമ്പോൾ നമ്മൾ തനിച്ചല്ലെന്നും സ്വർഗവാസി കളും ഭൂവാസികളും നമ്മൊടൊപ്പമുണ്ടെന്നും ഈ സ്തുതിപ്പ് നമ്മെ അനുസ്മരിപ്പിക്കു ന്നു.

### 4. നമുക്ക് പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ

- വിശുദ്ധ കുർബാനയ്ക്കിടയിൽ ശുശ്രൂഷി ആവർത്തിക്കുന്ന ഈ ആഹ്വാനം നമ്മോടൊത്തുവസിക്കുന്ന ഈശോയുടെ സാന്നിദ്ധ്യത്തെ അനുസ്മരിപ്പിക്കുന്നു.

## 5. കാർമികന്റെ പ്രാർത്ഥനകൾ (സ്ലോസകൾ)

❖ തുടർന്നുവരുന്ന കാർമികന്റെ പ്രാർത്ഥനകളിൽ ദൈവം കനിഞ്ഞു നൽകിയ ഈ മഹാദാനത്തെ (വിശുദ്ധ കുർബാനയെ) നന്ദിയോടെ ഏറ്റുപറയുകയും അതു യോഗ്യതയോടെ അർപ്പിക്കുവാനുള്ള കൃപ യാചിക്കുകയും ചെയ്യുന്നു.

## 6. സങ്കീർത്തനങ്ങൾ

❖ രക്ഷകനെ കാത്തിരിക്കുന്ന പഴയനിയമജനതയുടെ ചരിത്രത്തിലേക്കും ജീവിതത്തിലേക്കും പിന്തിരിഞ്ഞു നോക്കുന്നതിനും അവയെ രക്ഷാകരപദ്ധതിയുടെ ഭാഗമായി ഏറ്റുപറയുന്നതിനും സങ്കീർത്തനങ്ങൾ സഹായിക്കുന്നു. സങ്കീർത്തനങ്ങൾ ഇസ്രായേൽക്കാരുടെ മതാത്മക ജീവിതത്തിന്റെ ഹൃദയത്തുടിപ്പുകളാണ്. ഈശോയും പ്രാർത്ഥനയ്ക്കായി സങ്കീർത്തനങ്ങൾ ഉപയോഗിച്ചിരുന്നു.

## 7. സ്ലീവാചുംബനം

❖ക്രൈസ്തവ ജീവിതത്തിൽ കുരിശിന്റെ സ്ഥാനത്തെയും ഔന്നത്യത്തെയും ഏറ്റു പറഞ്ഞുകൊണ്ട് ഈശോയിലുള്ള പ്രത്യാശ പ്രകടമാക്കുന്ന കർമ്മമാണ് സ്ലീവാചുംബനം. മിശിഹായുടെ ഈ രണ്ടാമത്തെ ആഗമനത്തെക്കുറിച്ചും അവിടുത്തെ കാത്തിരിക്കുന്ന മണവാട്ടിയായ സഭയെക്കുറിച്ചുമുള്ള ചിന്തകളാണ് സ്ലീവാ ചുംബനത്തോടനുബന്ധിച്ചുള്ള പ്രാർത്ഥനകളുടെ സാരാംശം.

## 8. ഉത്ഥാനഗീതം

- തുടർന്നുവരുന്ന ഉത്ഥാനഗീതം ഈശോയുടെ മാമ്മോദീസായെ അനുസ്മരിപ്പിക്കുന്നു. മാമ്മോദീസാവേളയിൽ സ്വർഗം തുറക്കപ്പെട്ടതും പരിശുദ്ധ ത്രിത്വരഹസ്യം വെളിപ്പെടുത്തപ്പെട്ടതും അനുസ്മരിച്ചുകൊണ്ടാണ് മദ്ബഹവിരി മാറ്റുന്നത്.

- ഈശോയുടെ മാമ്മോദീസ, അവിടുത്തെ രണ്ടാമത്തെ മാമ്മോദീസായായ മരണവും ഉത്ഥാനവും, ഇവയിൽ നമ്മെ പങ്കുകാരാക്കുന്ന നമ്മുടെ മാമ്മോദീസാ, നമുക്കു ലഭിക്കാനിരിക്കുന്ന സ്വർഗീയമഹത്വം ഇവയെല്ലാമാണ് ഈ കീർത്തനത്തിന്റെ അവസരത്തിൽ നാം
അനുസ്മരിക്കുന്നത്.

വിശുദ്ധകുർബാന ആമുഖശുശ്രൂഷയും വചനശുശ്രൂഷയും

# വചനശുശ്രൂഷ

❖ ഈശോയുടെ പരസ്യജീവിതം, സുവിശേഷ പ്രഘോഷണം, പ്രേഷിത പ്രവൃത്തികൾ ഇവയെല്ലാമാണ് വചനശുശ്രൂഷയിൽ നാം അനുസ്മരിക്കുന്നത്.

1. **ത്രൈശുദ്ധകീർത്തനം**

❖ ത്രൈശുദ്ധകീർത്തനത്തോടുകൂടിയാണ് വചനശുശ്രൂഷ ആരംഭിക്കുന്നത്. ശബ്ദമുയർത്തി ദൈവത്തെ സ്തുതിക്കാനുള്ള ശുശ്രൂഷിയുടെ ആഹ്വാനമാണ് ഇതിലെ ആദ്യഭാഗം.

## 2. തിരുവചന വായനകൾ

❖ നാലുവായനകളാണ് നമുക്കുള്ളത്. ആദ്യത്തെ രണ്ടുവായനകൾ പഴയനിയമത്തിൽ നിന്നും മറ്റു രണ്ടു വായനകൾ പുതിയ നിയമത്തിൽ നിന്നുമാണ്. ഒന്നാം വായന നിയമ ഗ്രന്ഥമായ പഞ്ചഗ്രന്ഥത്തിൽ നിന്നും രണ്ടാംവായന പ്രവാചക ഗ്രന്ഥങ്ങളിൽ നിന്നുമാണ്. ശ്രവിച്ച ദൈവവചനത്തോടുള്ള ആദരവും നന്ദിയും പ്രകടിപ്പിച്ചുകൊണ്ട് ഒന്നാമത്തെയും രണ്ടാമത്തെയും വായനകൾക്കുശേഷം സമൂഹം ദൈവമായ കർത്താവിനു സ്തുതി എന്നു പ്രത്യുത്തരിക്കുന്നു.

## 3. സുവിശേഷ പ്രദക്ഷിണവും വായനയും

❖ അൾത്താരയുടെ വലതുവശത്ത്നിന്നും സുവിശേഷ ഗ്രന്ഥമെടുത്ത് ആഘോഷമായി ബേമ്മയിലേക്ക് കൊണ്ടുവരുന്നത് ഈശോ ഭൂമിയിലേക്ക് വന്നതിനെ സൂചിപ്പിക്കുന്നു. സുവിശേഷഗ്രന്ഥം നെറ്റിവരെ ഉയർത്തിപ്പിടിച്ചുകൊണ്ട് ഇറങ്ങി വരുന്നത് വൈദികനല്ല, ഈശോതന്നെയാണ് തിരുവചനവുമായി നമ്മുടെ പക്കലേക്കു വരുന്നത് എന്നു സൂചിപ്പിക്കുന്നു.

## 4. സുവിശേഷ പ്രസംഗം

❖ ദൈവവചനത്തിന്റെ വ്യാഖ്യാനമാണ് സുവിശേഷ പ്രസംഗം. ദൈവവചനത്തെ അനുദിനജീവിതസാഹചര്യങ്ങളിൽ എങ്ങനെ സ്വീകരിച്ച് ഫലമുളവാക്കാമെന്ന് സഭ പഠിപ്പിക്കുന്നു.

## 5. പ്രഘോഷണ പ്രാർത്ഥന (കാറോസൂസ)

❖ശ്രവിച്ച വചനത്തിനുള്ള പ്രത്യുത്തരവും വിശ്വാസപ്രഘോഷണവുമാണ് കാറോസൂസ പ്രാർത്ഥന. ദൈവത്തിന്റെ ശക്തിയിലും പരിപാലനയിലുമുള്ള വിശ്വാസം ഏറ്റുപറയുകയാണിതിൽ ചെയ്യുന്നത്

## 6. ആശീർവാദപ്രർത്ഥനകൾ

❖കുർബ്ബാനയുടെ പ്രധാനഭാഗമായ അനാഫൊറയിലേക്കു പ്രവേശിക്കുന്നതിനു മുൻപായി സമൂഹത്തെ ആശീർവദിച്ച് ഒരുക്കുകയാണ് ആശീർവാദ പ്രാർത്ഥനയിലൂടെ. കാർമികൻ ഈ പ്രാർത്ഥന ചൊല്ലുമ്പോൾ തല കുമ്പിട്ടുനിന്ന് നമ്മൾ ആശീർവാദം ഏറ്റു വാങ്ങണം. ആശീർവാദ പ്രാർത്ഥനയോടുകൂടി വചനശുശ്രൂഷ അവസാനിക്കുന്നു.

## എന്റെ തീരുമാനം

വിശുദ്ധ കുർബാനയിലെ വചനപ്രസംഗങ്ങൾ
ഞാൻ ശ്രദ്ധാപൂർവം ശ്രവിക്കും.

വചനശുശ്രൂഷയും


ഓർമിക്കാൻ ഒരു തിരുവചനം
“ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൾകൊണ്ടു കണ്ടതും സൂക്ഷിച്ചു വീക്ഷിച്ചതും കൈകൾകൊണ്ട് സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു”.(1 യോഹ. 1:1).